## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 149** **22-07-2021 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭങ്ങൾ ഇതര സംസ്ഥാനങ്ങളിലേക്ക് മാറിപ്പോകുന്നത് കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം മോശമായതിനാലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. വ്യവസായ സംരംഭങ്ങൾ സംസ്ഥാനം വിട്ടു പോകുന്ന പൊതുസാഹചര്യം നിലനിൽക്കുന്നില്ല. |
| (ബി) | ഇത്തരം സാഹചര്യങ്ങൾ വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചുവെന്ന് ആക്ഷേപമുയരുമ്പോൾ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വ്യവസായ വകുപ്പിന്റെ ഭാഗത്ത് നിന്നും വ്യവസായ സംരംഭങ്ങളെ ദോഷകരമായി ബാധിക്കുന്ന യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല. വ്യവസായങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനം നിലവിലുണ്ട്. വ്യവസായികളുടെയും വ്യവസായ സംരംഭങ്ങളുടെയും പരാതികളും നിവേദനങ്ങളും ജില്ലാടിസ്ഥാനത്തിൽ തന്നെ നേരിട്ട് കേൾക്കുകയും, മറ്റു വകുപ്പുകളുമായി സംബന്ധിച്ച പരാതികൾ അവരുമായി കൂടിയാലോചിച്ച് പരിഹരിക്കുകയും ചെയ്തു വരികയാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. 1999 ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. കൂടാതെ വ്യവസായ നിക്ഷേപകർക്ക് ഭൂമി നല്കുന്നതിനു ഏകീകൃത വ്യവസ്ഥ ഉൾപ്പെടുന്ന Unified Land Lease Policy, വ്യവസായ സ്ഥാപനങ്ങളിലെ നിയമപരമായ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചു കൊണ്ട് |

| | | | |
|---|---|---|---|
| | | | വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ് വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം എന്നിവ പുതിയതായി ഏർപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരുടെ പരാതികൾ നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി വിജയകരമായി നടപ്പിലാക്കി വരുന്നു. |
| (സി) | കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന 3,500 കോടി രൂപയുടെ നിക്ഷേപ പദ്ധതി ഉപേക്ഷിച്ചതിലൂടെ വലിയ രീതിയിൽ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുമെന്ന് ആരോപണം ഉയർന്ന സാഹചര്യത്തിൽ ഇതിനെ മറികടക്കാൻ എന്തെങ്കിലും ബദൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതിയിൽ നിന്നും പിന്മാറിയതായി പറയുന്നത് ഒറ്റപ്പെട്ട സംഭവമായി കണക്കാക്കുന്നു. ഇക്കാര്യത്തിൽ രേഖാമൂലമുള്ള ഒരു അറിയിപ്പും മേൽ കമ്പനിയിൽ നിന്നും ലഭിച്ചിട്ടില്ല. കിറ്റെക്സ് ഗ്രൂപ്പ് 3500 കോടി രൂപയുടെ താല്പര്യപത്രം സർക്കാറുമായി ഒപ്പു വച്ചിരുന്നു. ഇതിനു ശേഷം 2020 മാർച്ചിൽ ഒരു പ്രാവശ്യം മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായവകുപ്പുമായി തുടർചർച്ചക്ക് അവർ സന്നദ്ധമായിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപപദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ചു വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ പുതിയതായി തുടങ്ങിയ MSME യൂണിറ്റുകൾക്ക് 100% വർദ്ധനയാണ് മുൻകാലങ്ങളിൽ നിന്നും രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, 100 കോടിയിൽ അധിക നിക്ഷേപമുള്ള നിരവധി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുമതി നേടികൊണ്ട് വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള മികച്ച നിക്ഷേപ സൗഹൃദാന്തരീക്ഷം കണക്കിലെടുത്ത് വൻകിട നിക്ഷേപകർ ഉൾപ്പെടെ നിരവധി വ്യവസായ നിക്ഷേപകർ വ്യവസായം ആരംഭിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ